# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3757 | 21.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## റബ്ബർ പാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ചിരട്ടക്ക് നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | റബ്ബർപാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ചിരട്ടയ്ക്ക് കേരളത്തിൽ നികുതിയുണ്ടോ; വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി യിൽ പ്ലാസ്റ്റിക്ക് ചിരട്ട 18% നികുതിയുള്ളവയിൽ ഉൾപ്പെടുന്നു. |
| (ബി) | ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം ഉണ്ടായ മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി യിൽ HSN കോഡിന്റെ അടിസ്ഥാനത്തിലാണ് നികുതി നിരക്കുകൾ തീരുമാനിച്ചിട്ടുള്ളത്. ഒരു HSN കോഡിലും ഉൾപ്പെടാത്ത സാധനങ്ങൾ റവന്യൂ ന്യൂട്രൽ നിരക്കായ 18%-ൽ ഉൾപ്പെടും. ജി.എസ്.ടി യിൽ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ നികുതിനിരക്ക് ഒരു സംസ്ഥാനത്തിനു മാത്രമായി തീരുമാനിക്കാൻ സാധിക്കുകയില്ല. |
| (സി) | പ്ലാസ്റ്റിക്ക് ചിരട്ടയ്ക്ക് 18% ജി.എസ്.ടി. ചുമത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്ക് പൊതുവെ 18% നികുതിയാണ് ജി.എസ്.ടി കൗൺസിൽ തീരുമാനപ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) | എങ്കിൽ സ്വാഭാവിക ചിരട്ടകൾക്കു വിലകൂടുകയും ആവശ്യത്തിനു കിട്ടാതാവുകയും ചെയ്യുപ്പോൾ പ്ലാസ്റ്റിക്കു ചിരട്ടകൾ ഉപയോഗിക്കാൻ തുടങ്ങിയ റബ്ബർ കർഷകർക്കു ഈ തീരുമാനം തിരിച്ചടിയാണെന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ജി.എസ്.ടി യിൽ സംസ്ഥാനത്തിനു മാത്രമായി ഏതെങ്കിലും സാധനങ്ങൾക്കോ സേവനങ്ങൾക്കോ നികുതിനിരക്ക് നിശ്ചയിക്കുവാനോ നികുതിയിളവുകളോ നികുതിയൊഴിവുകളോ നൽകുവാനോ സാധിക്കുകയില്ല. പ്ലാസ്റ്റിക്ക് ചിരട്ടകൾ ഉപയോഗിക്കാൻ തുടങ്ങിയ റബ്ബർ കർഷകർക്കു ഈ തീരുമാനം തിരിച്ചടിയാണെന്ന കാര്യം സംബന്ധിച്ച് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ജി.എസ്.ടി. നിബന്ധനകളിൽ പ്ലാസ്റ്റിക്ക് കപ്പുകളുടെ നികുതി സൂചിപ്പിച്ചിരുന്നില്ലെന്നതും കാർഷികോപകരണങ്ങളായ തൂമ്പ,മൺവെട്ടി,കട്ടപ്പാര, കൈക്കോട്ട്,കരണ്ടി തുടങ്ങിയ വിവിധ സാധനങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ശരിയാണോ എന്ന് വ്യക്തമാക്കാമോ; | (ഇ) യും (എഫ്) ഉം | ജി.എസ്.ടി.യിൽ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതിനിരക്കുകളും തീരുമാനങ്ങളും എടുക്കുന്നത് കേന്ദ്രധനകാര്യമന്ത്രി അധ്യക്ഷനും എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളുമായുള്ള ജി.എസ്.ടി കൗൺസിലാണ്. സംസ്ഥാനത്തിനുമാത്രമായി പ്രത്യേകം തീരുമാനങ്ങളെടുക്കാൻ സാധിക്കുകയില്ല. തൂമ്പ, മൺവെട്ടി, കട്ടപ്പാര, കൈക്കോട്ട്, കരണ്ടി തുടങ്ങിയ വിവിധ സാധനങ്ങൾ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവയായതുകൊണ്ടാണ് ഇവയെ ജി.എസ്.ടി യിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. എന്നാൽ പ്ലാസ്റ്റിക്ക് കപ്പുകൾ/ചിരട്ടകൾ ആ ഗണത്തിൽപ്പെടുന്നവയല്ല. ഇവ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (എഫ്) | റബ്ബർപാൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുചിരട്ടകൾ ഇതിൽ ഉൾപ്പെടാത്തത് എന്ത്കൊണ്ടാണെന്നും ഇനി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**